Week - 2

# Weekly Devotion - April 2017

# The word that encourages

## (ധൈര്യപ്പെടുത്തുന്ന വചനം)




ദുഷ്ടശക്തികളുടെ തേർവാഴ്ച നടക്കുന്ന ഭൂമിയിലാണ് നാം അധിവസിക്കുന്നതെങ്കിലും, ദൈവപൈതൽ ഭയപ്പെടേണ്ട കാര്യമില്ല യെശ:(43:1) ൽ യാക്കോബേ, ഭയപ്പെടേണ്ട ഞാൻ നിന്നെ വീണ്ടെടുത്തിരിക്കുന്നു, ഞാൻ നിന്നെ പേർ ചൊല്ലി വിളിച്ചിരിക്കുന്നു, നീ എന്റേതാണ് എന്നു കാണുന്നു. രക്തത്താൻ വീണ്ടെടുത്തവൻ നമ്മെ പേരുവിളിച്ച് ഉടമസ്ഥൻ എന്ന് പറഞ്ഞിരിക്കുന്നു. പിന്നെ നാം ഭയപ്പെടേണ്ട കാര്യമില്ല. യഹോവയുടെ വചനം ദൃഢധൈര്യം നൽകുന്നതാണ്.

അനുവാദം കൂടാതെ നേപ്പാളിൽ കടന്ന് സുവിശേഷം അറിയിച്ചാൽ 6 മാസം കഠിനതടവ് ലഭിക്കുന്ന ഒരു കാലത്താണ് സുന്ദർസിംഗ് അവിടെ സുവിശേഷവുമായി ചെന്നത്. രണ്ടു പ്രാവശ്യം നിയമപരമായി ചോദിച്ചിട്ടും അനുവാദം ലഭിച്ചില്ല. ഉൾപ്രേരണ ശക്തമായപ്പോൾ അനുവാദമില്ലാതെതന്നെ ഗ്രാമങ്ങൾ തോറും സാധുസുന്ദർസിംഗ് സുവിശേഷം അറിയിക്കുവാൻ തുടങ്ങി. വിവരം അറിഞ്ഞ അധികാരികൾ അദ്ദേഹത്തെ പിടിച്ച് ന്യായാധിപനെ ഏല്പിച്ചു. എന്ത് അധികാരത്തോടെയാണ് നിങ്ങൾ ഇത് ചെയ്തത് എന്ന ചോദ്യത്തിന് നിങ്ങളെയും എന്നെയും സൃഷ്ടിച്ചവനായ ദൈവമാണ് അയച്ചതെങ്കിൽ അധികാരം അദ്ദേഹം തന്നതു തന്നെയാണ്. എന്റെ നാവ് ചലിക്കുന്ന നാഴികവരെ ഞാൻ സുവിശേഷം പറയും എന്നെ രക്ഷിച്ചവന്റ വാക്കുകൾ ഞാൻ പറയുക തന്നെചെയ്യും എന്ന് ഉറക്കെ പ്രഖ്യാപിച്ചു. തടവോ, പീഢനമോ ഒന്നും ഞാൻ കാര്യമാക്കുന്നില്ല എന്ന് ഭയരഹിതനായി പറഞ്ഞവൻ നമുക്ക് ഒരു പ്രചോദനമാകട്ടെ.

ഏലിയാവ് എന്ന പ്രാർത്ഥനാമനുഷ്യൻ ദൈവനിയോഗം ഏറ്റെടുത്തത് അസാമാന്യമായ ധൈര്യത്തോടും വിശ്വാസത്തോടും കൂടെ ആയിരുന്നു. തലയ്ക്കുമീതെയുള്ള ആകാശം ചെമ്പും, ഭൂമി ഇരുമ്പും

ആകത്തക്കവിധത്തിൽ പ്രവർത്തിപ്പാൻ കഴിവുള്ളവനാണ് സർവ്വശക്തനായ ദൈവം. "ഞാൻ സേവിച്ചു നില്ക്കുന്ന യിസ്രായേലിന്റെ ദൈവമായ യഹോവയാണ ഞാൻ പറഞ്ഞല്ലാതെ ഈയാണ്ടുകളിൽ മഞ്ഞും മഴയും ഉണ്ടാകുകയില്ല" എന്ന് ആഹാബിന്റെ കൊട്ടാരവാതിൽക്കൽ നിന്ന് തന്റെ ദാസൻ വിളിച്ചു പറയുന്നത് യഹോവ ശ്രദ്ധയോടെ കേട്ടു, പ്രവർത്തിക്കുകയും ചെയ്തു. ദൈവവചനമാണ് ഈ ധൈര്യം ഏലിയാവിന് നൽകിയത് (1 രാജ :17:1)

ദൈവീകനിർദ്ദേശപ്രകാരം വീണ്ടും മഴയ്ക്കായി കർമ്മേലിൽ യാഗം അർപ്പിക്കുവാനാണ് ഏലിയാവ് പിന്നീട് പ്രത്യക്ഷപ്പെടുന്നത് (1 രാജ 18:1) അപ്പോൾ മാത്രമാണ് രാജാവും ജനങ്ങളും പിന്നീടദ്ദേഹത്തെ കാണുന്നത്. യാഗവസ്തുവിന്മേൽ തീ ഇറക്കുവാൻ കഴിയാതെ ഇസബേലിന്റെ ആജ്ഞാനുവർത്തികളുടെ മുൻപിൽ യഹോവയാം ദൈവം തീ ഇറക്കിയപ്പോൾ ജനം ഒന്നടക്കം ദൈവത്തെ മഹത്വപ്പെടുത്തി. പ്രിയരേ, ഇന്നും നമ്മുടെ പ്രാർത്ഥനയ്ക്ക് മറുപടിതരുന്ന ജീവനുള്ള ദൈവത്തെ മറന്ന് . വിഗ്രഹങ്ങളുടെ മുമ്പിൽ നമസ്ക്കരിക്കുന്ന ക്രിസ്ത്യാനികൾ ഉണ്ട്. തീയിറക്കി ഉത്തരമരുളുന്ന ദൈവത്തെ അനുസരിക്കണമെന്നുള്ളവർ ഇരുതോണിയിൽ കാൽവയ്ക്കുന്നത് ഉചിതമല്ല എന്ന് തിരിച്ചറിയുക.

മൂന്ന് വർഷത്തിനുശേഷം ഏലിയാവിന്റെ പ്രാർത്ഥനകേട്ട ദൈവം മഴനൽകിയതിൽ ആഹാബും ജനങ്ങളും സന്തോഷിച്ചു .കർമ്മേലിൽ നടന്ന ഏറ്റുമുട്ടലിൽ തോറ്റോടിയ ബാലിന്റെ 400 പ്രവാചകൻമാരെയും 400 അശേരാ പ്രവാചകന്മാരെയും വെട്ടിക്കൊല്ലുവാൻ കാരണമായ ഏലിയാവിനോട് ഇസബേലിന് കടുത്ത പകയുണ്ടായി. യഹോവ മാത്രമാണ് സത്യദൈവമെന്ന് ആഹാബിന് മനസ്സിലായി. ഇസബേലിന്റെ പ്രവാചകന്മാരുടെ മരണത്തിന് കാരണക്കാരനായ ഏലിയാവിനേയും നാളെ ഈ നേരത്ത് അവരിൽ ഒരുത്തന്റെ ജീവനെപ്പോലെയാക്കും എന്ന് ദൂതൻ മുഖാന്തരം അറിയിച്ച വാർത്ത കേട്ട് അദ്ദേഹം ഭയന്നോടി .മരുഭൂമിയിലെ ഒരു ചൂരച്ചെടിയുടെ ചുവട്ടിലഭയം തേടിയ പ്രവാചകൻ ആ ദുഷ്ടമൂർത്തിയുടെ കയ്യിലകപ്പെടാതെ മരിക്കുവാൻ ആഗ്രഹിച്ചു. എന്നാൽ നമ്മെക്കൊണ്ട് ചെയ്യ്തു തീർക്കുവാൻ, ദൈവം ഉദ്ദേശിച്ച കാര്യങ്ങൾ തീരാതെ ഒരു സാത്താനും, ഒരു രോഗത്തിനും നമ്മെ തകർക്കുവാൻ കഴിയുകയില്ല. നിരാശ പിടികൂടിയ ദാസനെ തട്ടി ഉണർത്തി കനലിൽ ചുട്ട അപ്പവും വെള്ളവും നൽകി ധൈര്യപ്പെടുത്തിയ ദൈവം നമ്മെയും തട്ടിഉണർത്തുന്നവനാണ്.

അതിന്റെ ബലത്തിൽ (ദൂതൻ കൊടുത്ത ഭക്ഷണത്തിന്റെ) ദൈവത്തിന്റെ പർവ്വതമായ ഹോരേബിലെത്തിയിട്ടും അവൻ ഗുഹയിൽ പാർത്തു. ഇവിടെവച്ചാണ് തന്നെ ധൗര്യപ്പെടുത്തുന്നവന്റെ നേരിയ ശബ്ദം അവൻ കേട്ടത്. "ഇവിടെ നിനക്ക് എന്തു കാര്യം എന്ന്. ഈ ചോദ്യം നാമും പല അവസരങ്ങളിൽ നമ്മോടു തന്നെ ചോദിക്കുന്നത് നല്ലതാണ്. ദൈവം നമ്മോട് സംസാരിപ്പാൻ നാമും പുറത്തു വന്നേ മതിയാകുകയുള്ളു ചില ഭയങ്ങൾ, ചില പാരമ്പ്യ ചിന്തകൾ , പൈതൃകങ്ങൾ നമ്മെയും ഗുഹയിൽ പാർക്കുന്നവരാക്കുന്നു. പുറത്തുവന്ന് ഗുഹാമുഖത്തു നിന്ന ഏലിയാവിന് ആനേരിയ ശബ്ദം കേൾക്കുക മാത്രമല്ല, ഒരു പുതിയനിയോഗം ലഭിക്കുകയും ചെയ്തു. ദൗത്യം പൂർത്തിയാക്കിയ ഏലിയാവിനെ അഗ്നി രഥത്തിൽ സ്വർഗ്ഗത്തിലേക്കെടുത്തപ്പോൾ, ദൈവ ദാസന്മാരെ ഉപദ്രവിച്ചവളായ ഈസേബേലിന്റെ രക്തം നായ്ക്കൾ നക്കുന്ന ഒരു ദയനീയ അവസാനം അവൾക്കുവേണ്ടിയും ദൈവം നിശ്ചയിച്ചു.

പ്രീയമുള്ള കുഞ്ഞുങ്ങളെ നിങ്ങളെ ഭയപ്പെടുത്തുന്ന സാഹചര്യങ്ങളെ ദൈവകൃപയിൽ അതിജീവിക്കുക. അതിനായി പ്രാർത്ഥനയോടെ ജീവിതം നയിപ്പാൻ ദൈവം നിങ്ങളെ സഹായിക്കട്ടെ.

## പ്രാർത്ഥന

പ്രിയയേശുവേ ! നേരുള്ളവരായി ശത്രുവിനെ ഭയക്കാതെ ജീവിപ്പാൻ ഞങ്ങളെ സഹായിക്കേണമേ. അങ്ങ് ഏൽപ്പിച്ച ജോലികൾ ഭംഗിയായി നിവർത്തിപ്പാൻ സഹായിക്കേണമേ

ആമേൻ

Santhamma Varghese
Website: www.biblestudy.co.in
Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind